(സി), (ഡി) ഇതൊരു തുടർ പദ്ധതിയാണ്. ഗവേഷണ വികസന സ്ഥാപനങ്ങൾ, കമ്മിറ്റിയുടെ ശ്രമഫലമായി സ്ഥാപിച്ച് ഗവേഷണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിച്ചുവരുന്നു. സർവ്വകലാശാലകൾ, കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിലും മറ്റും ചെറിയ തോതിലുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ചെറിയ തോതിലുള്ള ധനസഹായം നൽകുക, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സംരക്ഷണ മേഖലകളിൽ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയും അവ നടത്തുന്ന സ്ഥാപനങ്ങൾക്ക് സഹായധനം നൽകുകയും ചെയ്യുക, പി.എച്ച്.ഡി. ബിരുദാനന്തര ഗവേഷണത്തിന് ഫെല്ലോഷിപ്പുകൾ നൽകുക, അന്താരാഷ്ട്ര ശാസ്ത്ര സമ്മേളനങ്ങളിൽ പ്രബന്ധങ്ങളവതരിപ്പിക്കുന്ന കേരളീയ ശാസ്ത്രജ്ഞൻമാർക്ക് ഭാഗികമായ യാത്രക്കൂലി സഹായം നൽകുക, സംസ്ഥാനത്തിന്റെ വികസന പ്രശ്നങ്ങളെക്കുറിച്ച് കാലികമായ ചർച്ചകളും പഠനങ്ങളും നടത്തുക തുടങ്ങിയ പല പദ്ധതികളും തുടർച്ചയായി നടത്തിപ്പോരുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സംബന്ധമായ വകുപ്പുകളിൽനിന്ന് ഗവേഷണത്തിനും, പ്രായോഗിക പരീക്ഷണങ്ങൾക്കും ലഭിക്കാവുന്ന സഹായങ്ങൾ കേരളീയ സ്ഥാപനങ്ങൾക്ക് നേടിക്കൊടുക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. നിശ്ചിത കാലയളവിൽ നടത്തുന്ന ഗവേഷണ പഠനങ്ങൾ പലതും പൂർത്തീകരിച്ച് അവയുടെ നിഗമനങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളേയും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളേയും അറിയിക്കുന്നുണ്ട്. ഇപ്പോൾ 100-ഓളം ഗവേഷണ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇവയെല്ലാം മൂന്നു വർഷത്തിൽ കവിയാത്ത കാലയളവിലേക്ക് ആസൂത്രണം ചെയ്തവയാണ്.

ജയിൽ പരിഷ്കരണം

*476 [507] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ജയിലുകൾ പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) തടവുകാരുടെ ക്ഷേമത്തിന് ഉതകുന്ന നിലയിലുള്ളതും ജയിൽവകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുമായിട്ടുള്ള പല പദ്ധതികളും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിൽ വരുത്തുന്നതിനും, ജയിൽ പരിഷ്കരണത്തെ സംബന്ധിച്ചുള്ള ആം ഇൻഡ്യാ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളെ ആധാരമാക്കിയും, വിഭവശേഷിക്കനുസൃതമായും പല പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള കരട് രൂപകം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly